# ക്രിസ്തുമതവും ക്രിസ്തുവിന്റെ മതവും

ഇ.സി. സൈമൺ മാസ്റ്റർ

ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്
കോഴിക്കോട്, തിരുവനന്തപുരം, എറണാകുളം, തൃശൂർ

# പ്രസ്താവന

**ലോ**കത്തിലെ ഏറ്റവും വലിയ മതസമൂഹമാണ് ക്രിസ്ത്യാനികൾ. മൗലിക വിഷയങ്ങളിൽപോലും ഗുരുതരമായ വീക്ഷണവ്യത്യാസമുള്ള ഒട്ടേറെ സഭകൾ ഇന്നുണ്ട്. യേശുവാൽ സ്ഥാപിതമായ യഥാർഥ മതം തങ്ങളുടേതാണെന്ന് ഓരോ സഭയും അവകാശപ്പെടുന്നു. എന്നാൽ യേശു ഒരു മതം സ്ഥാപിച്ചിട്ടുണ്ടോ? യേശുവിന്റെ പ്രബോധനത്തിന്റെ കാതൽ എന്തായിരുന്നു? നിലവിലുള്ള സഭകൾ മുന്നോട്ടു വെക്കുന്ന വിശ്വാസ വീക്ഷണങ്ങളുമായി യേശുവിന്റെ സന്ദേശങ്ങൾക്കു വല്ല ബന്ധവുമുണ്ടോ? ഇത്തരം കാര്യങ്ങൾ പ്രമാണങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തുന്ന ചെറുതെങ്കിലും മൗലികതയുള്ള കൃതിയാണിത്.

സ്വന്തം അന്വേഷണത്തിലൂടെ സത്യപാത കണ്ടെത്തി അവധാന പൂർവം അതിലേക്കു കടന്നുവന്ന ഇ.സി. സൈമൺ മാസ്റ്ററുടെ വാക്കുകൾക്ക് അസാധാരണമായ ആത്മസ്പർശമുണ്ട്. വായനക്കാർക്കും അതനുഭവപ്പെടുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

സത്യാന്വേഷകർക്ക് ദിശാബോധം നൽകാൻ ഇത് ഉപകരിക്കട്ടെയെന്ന പ്രാർഥനയോടെ.

**-പ്രസാധകർ**

## ഗ്രന്ഥകാരനെക്കുറിച്ച്

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിനടുത്ത കാര സ്വദേശിയാണ് ഇ. സി. സൈമൺ മാസ്റ്റർ. ഇംഗ്ലണ്ടിലെ പ്രസിദ്ധമായ അമ്പാസിഡർ കോളേജിലെ ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ് ഉയർന്ന മാർക്കോടെ പൂർത്തിയാക്കി.

എടവിലങ്ങ് ഗവ. ഹൈസ്കൂളിൽ അധ്യാപകനായിരുന്നു. പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററായി. റിട്ടയർ ചെയ്തശേഷം കാരയിലെ ഇലഞ്ഞിക്കൽ വീട്ടിൽ വിശ്രമജീവിതം നയിക്കുന്നു. ഭാര്യയും നാലു മക്കളുമുണ്ട്.

വിലാസം: ഇ.സി. സൈമൺ മാസ്റ്റർ
ഇലഞ്ഞിക്കൽ ഹൗസ്
പി.ഒ. കാര, എടവിലങ്ങ്
തൃശൂർ ജില്ല - 680 671

# ക്രിസ്തുമതവും ക്രിസ്തുവിന്റെ മതവും

**വ**ലുതും ചെറുതുമായ എണ്ണമറ്റ ക്രൈസ്തവസഭകൾ തമ്മിൽ ഏകാഭിപ്രായമുള്ള ഒരേയൊരു കാര്യം യേശുക്രിസ്തു സ്ഥാപിച്ചതാണ് ക്രിസ്തുമതം എന്നുള്ളതത്രെ. നൂറ്റാണ്ടുകളായി നിലനിന്നുപോരുന്ന ഈ വിശ്വാസം യാഥാർഥ്യത്തിലധിഷ്ഠിതമാണോ എന്ന് പരിശോധിക്കുന്നതിന് ആരെങ്കിലും ശ്രമിച്ചിട്ടുള്ളതായി അറിവില്ല. അതിന്റെ ആവശ്യകത ആർക്കും തോന്നിയിട്ടില്ലെന്നും വരാം. എങ്കിലും ബൈബിളിന്റെ വെളിച്ചത്തിൽ ഈ വിഷയത്തിൽ സത്യസന്ധമായ ഒരന്വേഷണം നടത്താനുള്ള എളിയ ശ്രമമാണ് താഴെ.

യേശുവായിരുന്നു ക്രിസ്തുമത സ്ഥാപകനെങ്കിൽ അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെയും ജീവിതചര്യകളുടെയും ആരാധനാക്രമങ്ങളുടെയും സമുച്ചയമായിരിക്കണമല്ലോ ഈ മതം. പക്ഷേ, ക്രിസ്തുമതത്തിൽ അത്തരം യാതൊരു സ്വാധീനവും കാണപ്പെടുന്നില്ല. എന്നല്ല, ക്രിസ്തുവിരുദ്ധമായ പല സംഗതികളും മതത്തിന്റെ ഭാഗമായി നിലനിൽക്കുന്നതായി കാണുകയും ചെയ്യുന്നു. ഈ വൈരുധ്യമാണ് എന്നെ ഇങ്ങനെയൊരു അന്വേഷണത്തിന് പ്രേരിപ്പിച്ചത്.

ഇസ്രായേൽ വംശജനായിരുന്നു യേശു. നന്നേ ചെറുപ്പത്തിൽ അമ്മ മറിയം പള്ളിയിൽ കൊണ്ടുപോയതും പിന്നീട് സബ്ബത്തുദിവസമായ ശനിയാഴ്ചകളിൽ ശിഷ്യരുമൊന്നിച്ച് പതിവായി പ്രാർഥനക്ക് പോയിരുന്നതും ബൈബിളിൽ വിവരിക്കുന്നുണ്ട്. ഇസ്രായേൽക്കാരുടെ മതനിയമങ്ങൾ അനുസരിച്ചായിരുന്നു യേശുവിന്റെ ജീവിതം. അവരുടെ പെസഹ തിരുനാൾ ദിവസം സന്ധ്യക്കായിരുന്നു അദ്ദേഹത്തിന്റെ അവസാന അത്താഴം. ഇതിനു ശേഷമാണ് പ്രാർഥനക്കായി ഗദ്സമേൻ എന്ന തോട്ടത്തിൽ പോയതും പുരോഹിതന്മാരുടെ പിണിയാളുകൾ പിടിച്ചുകൊണ്ടുപോയി ശിക്ഷക്ക് വിധിച്ചതും. മൃതദേഹം മറവുചെയ്തതും ഇസ്രായേൽക്കാരുടെ ആചാരമനുസരിച്ചുതന്നെ ആയിരുന്നുവെന്നാണ് ബൈബിൾ വിവരണം. യേശു ആജീവനാന്തം ഇസ്രായേൽക്കാരനായിരുന്നുവെന്ന് ഇതിൽനിന്നു വ്യക്തം.

## യേശുവിന്റെ അംഗീകാരമില്ലാത്ത പുതിയ നിയമം

ക്രിസ്ത്യാനികളുടെ മതഗ്രന്ഥമായ ബൈബിളിലെ പുതിയ നിയമം യേശു എഴുതിയതല്ല. മത്തായി, മാർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നീ നാലു പേരെഴുതിയ നാലു സുവിശേഷങ്ങളാണ് ഇന്ന് നിലവിലുള്ളത്. യേശുവിന്റെ മരണത്തെയും ഉയിർത്തെഴുന്നേൽപിനെയും പറ്റി ഈ നാലു സുവിശേഷങ്ങളിലും പ്രതിപാദിച്ചിട്ടുള്ളതിനാൽ അദ്ദേഹത്തിന്റെ കാല ശേഷം എഴുതപ്പെട്ടവയാണ് അവയെല്ലാം തന്നെയും എന്നു വ്യക്തം. അതാ യത് തന്നെപ്പറ്റി എഴുതപ്പെട്ട ആ നാല് അപൂർണ ജീവചരിത്രഗ്രന്ഥങ്ങളും അദ്ദേഹം കണ്ടിട്ടുള്ളതോ വായിച്ചുകേട്ടിട്ടുള്ളതോ അംഗീകരിച്ചിട്ടുള്ളതോ അല്ല. യേശുവിന്റെ അംഗീകാരമില്ലാത്ത, അദ്ദേഹം കണ്ടിട്ടില്ലാത്ത സുവി ശേഷങ്ങളാണ്, യേശു സ്ഥാപിച്ചതെന്നു പറയപ്പെടുന്ന മതത്തിന്റെ പ്രാമാ ണിക ഗ്രന്ഥങ്ങൾ എന്നു പറയുമ്പോൾ അതിൽ വലിയ പന്തികേടുള്ള തായി ചിന്തിക്കുന്നവർക്ക് തോന്നിയേക്കാം. ഈ സുവിശേഷങ്ങൾ കൂടാതെ വേറെ ചില ഗ്രന്ഥങ്ങളും ലേഖനങ്ങളും പുതിയ നിയമത്തിൽ ഉൾപ്പെടു ന്നുണ്ട്. അവയും യേശുവിന്റെ കാലശേഷം എഴുതപ്പെട്ടവയാണ്.

ബൈബിൾ പൂർണമായും സത്യദൈവത്തിന്റെ വചനങ്ങളാണെന്ന് വാദിക്കപ്പെടുന്നുണ്ടെങ്കിലും ആ വാദത്തെ സാധൂകരിക്കുന്ന തെളിവുക ളൊന്നും ആ ഗ്രന്ഥം നൽകുന്നില്ല. ഉദാഹരണത്തിന് ലൂക്കായുടെ സുവി ശേഷമെടുക്കാം. ആ ഗ്രന്ഥം ഇങ്ങനെ ആരംഭിക്കുന്നു: “നമ്മുടെ ഇടയിൽ നടന്ന കാര്യങ്ങൾ തുടക്കം മുതൽ ദൃക്സാക്ഷികളും വചനശുശ്രൂഷകരും ആയിരുന്നവർ നമ്മെ അറിയിച്ച വിധത്തിൽ തന്നെ സമാഹരിച്ച് ഒരു വിവ രണം എഴുതാൻ പലരും ഉദ്യമിച്ചിട്ടുണ്ട്. ശ്രേഷ്ഠനായ തിയോഫിലോസേ, നിനക്കുവേണ്ടി ക്രമമായ ഒരു വിവരണം എഴുതുന്നത് ഉചിതമെന്ന് കുറേ ക്കാലമായി എല്ലാ കാര്യങ്ങളും ശ്രദ്ധാപൂർവം പഠിച്ചുകൊണ്ടിരുന്ന എനിക്കു തോന്നി. നിന്നെ അറിയിച്ചിട്ടുള്ള കാര്യങ്ങളുടെ സത്യാവസ്ഥ നീ ഗ്രഹിക്കേണ്ടതിനാണ് ഇത്” (ലൂക്കാ 1:1-4).

ജീവിച്ചിരുന്ന യേശുവിനെ എന്നെങ്കിലും കണ്ടിട്ടുള്ളതായോ അദ്ദേഹം പറഞ്ഞ വാക്കുകൾ കേട്ടിട്ടുള്ളതായോ അദ്ദേഹത്തിന്റെ അത്ഭുതകൃത്യ ങ്ങൾക്ക് സാക്ഷ്യംവഹിച്ചിട്ടുള്ളതായോ ലൂക്കാ അവകാശപ്പെടുന്നില്ല. കേട്ടു കേൾവിയുടെ അടിസ്ഥാനത്തിലും മറ്റുപലരും അതിനുമുമ്പ് എഴുതിയ ഗ്രന്ഥങ്ങളിൽനിന്നു പഠിച്ചും ലൂക്കാ എഴുതിയ കാര്യങ്ങളുടെ സത്യാവസ്ഥ യേശുവോ അദ്ദേഹത്തിന്റെ ശിഷ്യൻമാരോ സാക്ഷ്യപ്പെടുത്തിയിട്ടുള്ള തായി പ്രസ്താവിക്കുന്നുമില്ല. ലോകമാസകലമുള്ള ക്രിസ്ത്യാനികളാൽ

മതഗ്രന്ഥമായി ഉപയോഗിക്കപ്പെടാൻ ഉദ്ദേശിച്ചുമല്ല ലൂക്കാ അതെഴുതിയത്. തിയോഫിലോസ് എന്ന ഏതോ ഒരു മനുഷ്യനുവേണ്ടി ആരെന്നോ എന്തെന്നോ അധികമൊന്നും അറിയപ്പെടാത്ത ഒരു ലൂക്കാ, യേശുവിന്റെ വിയോഗാനന്തരം അനേകം കൊല്ലങ്ങൾക്കുശേഷം യേശുവിനു മനസ്സിലാകാത്ത ഗ്രീക്കു ഭാഷയിൽ എഴുതിയതാണ് ഇന്നു പ്രചാരത്തിലിരിക്കുന്ന ലൂക്കായുടെ സുവിശേഷം. ലൂക്കായുടെ വചനം എന്നല്ലാതെ അതിനെ ദൈവവചനം എന്നു പറയുന്നതിന് ന്യായീകരണമില്ല. ദൈവത്തിന്റെ വചനമായിരുന്നെങ്കിൽ അക്കാര്യം ഗ്രന്ഥകാരൻ അഭിമാനപൂർവം എടുത്തുപറയുമായിരുന്നു. ഏതെങ്കിലും ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് വെളിപ്പെടുത്തിക്കൊടുത്തതായിരുന്നെങ്കിൽ ആ വിവരവും ഗ്രന്ഥത്തിൽ പ്രത്യേകം രേഖപ്പെടുത്തുമായിരുന്നു. സംഗതിയുടെ സത്യാവസ്ഥ ഇതായിരിക്കെ, ലൂക്കായുടെ സുവിശേഷത്തെ ഒരു ദൈവികഗ്രന്ഥമെന്നു വിളിക്കുന്നതിൽ കഴമ്പില്ല; ദൈവത്തെ സംബന്ധിച്ച ചില വസ്തുതകൾ അതിൽ ഉണ്ടെങ്കിൽ കൂടി.

എന്നാൽ, ദൈവം മനുഷ്യരോടു സംസാരിക്കുന്നത് ഉടനീളം ഇതിവൃത്തമാക്കിയ ഒരു മഹദ്ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. അത് സ്വയം ഇങ്ങനെ പ്രഖ്യാപിക്കുന്നു: “ഈ ഖുർആൻ ലോകരക്ഷിതാവുതന്നെയാണ് അവതരിപ്പിച്ചത്. വിശ്വസ്ത ചൈതന്യമായ ഗബ്രിയേൽ അതുമായി നിന്റെ മനസ്സിലേക്കിറങ്ങി. വ്യക്തമായ അറബിഭാഷയിൽ മുന്നറിയിപ്പുനൽകുന്ന ഒരാളായി അങ്ങനെ നീ മാറി. ഇക്കാര്യം പൂർവികരുടെ ഏടുകളിൽ പറഞ്ഞിട്ടുണ്ട്. ഇതിനെക്കുറിച്ച് ഇസ്രായേൽക്കാരിലെ പണ്ഡിതൻമാർക്ക് അറിയാമായിരുന്നുവെന്നത് ഈ ആളുകൾക്ക് ഒരു തെളിവല്ലേ?” അതിൽ വീണ്ടും ഇങ്ങനെ വായിക്കുന്നു: “തീർച്ചയായും ഇത് മഹത്വം തികഞ്ഞ ഒരു ഗ്രന്ഥമാകുന്നു. ഇതിന്റെ പിന്നിലൂടെയോ മുന്നിലൂടെയോ അസത്യം ഏശുകയില്ല. യുക്തിമാനും സ്തുത്യർഹനുമായ ദൈവത്തിൽനിന്ന് അവതരിച്ചതാണ് ഈ ഖുർആൻ.”

ബൈബിളിലെ നാലു സുവിശേഷങ്ങളിൽ ഒന്നിലും ഇതുപോലെ വ്യക്തവും ആധികാരികവുമായ പ്രസ്താവനകൾ കാണാൻ കഴിയുന്നതല്ല. ലൂക്കായുടെ കാര്യം പറഞ്ഞത് ഒരു ഉദാഹരണം മാത്രം. ഉള്ളടക്കത്തിന്റെ ഗാംഭീര്യം നോക്കിയാലും ആ വ്യത്യാസം സ്പഷ്ടമായി കാണാൻ കഴിയും.

## അത്തിമരത്തിന്റെ കഥ

യേശു യഥാർഥത്തിൽ നടത്തിയിട്ടുള്ള അത്ഭുതപ്രവർത്തനങ്ങളെ

വർണിക്കുന്നതോടൊപ്പം അദ്ദേഹം ഒരിക്കലും ചെയ്തിരിക്കാൻ വഴിയില്ലാത്തതും അദ്ദേഹത്തിന് തികച്ചും ആക്ഷേപാർഹവുമായ കാര്യങ്ങളും സുവിശേഷങ്ങൾ പരാമർശിച്ചിട്ടുണ്ട്. അതിലൊന്നാണ് മത്തായിയും മാർക്കോസും വിവരിക്കുന്ന അത്തിമരത്തിന്റെ കഥ. അതിങ്ങനെ: "ഒരിക്കൽ ബഥനിയിൽ നിന്ന് ജറൂസലേമിലേക്കു പോകുമ്പോൾ അദ്ദേഹത്തിന് വിശന്നു. വഴിയരികിൽ ഒരു അത്തിമരം കണ്ടു. പഴം കിട്ടുമെന്ന ധാരണയിൽ അടുത്തുചെന്നു. എന്നാൽ അതിന്മേൽ ഇലകളല്ലാതെ പഴമൊന്നും കണ്ടില്ല. കാരണം അത് അത്തിപ്പഴത്തിന്റെ കാലമല്ലായിരുന്നു. നിരാശനായ യേശു ആ മരത്തെ ശപിച്ചു: 'ഇനി ഒരിക്കലും നീ പഴം കായ്ക്കാതെ പോകട്ടെ!' തൽക്ഷണം ആ മരം ഉണങ്ങിപ്പോയി" (മത്തായി 21:18-19, മാർക്കോസ് 11:12-14).

യേശുവിനെ തീരെ തരംതാഴ്ത്തി കാണിക്കുന്നതാണ് ഈ കഥ. പഴം ഉണ്ടാകാത്ത കാലത്ത് പഴമന്വേഷിച്ച് ആരും മരച്ചോട്ടിൽ പോകാറില്ല. അഥവാ പോയെങ്കിൽ തന്നെ പഴം കണ്ടില്ലെന്നുവെച്ച് വൃക്ഷത്തോട് കോപിക്കുകയില്ല. അകാലത്തിൽ ഫലം കായ്ക്കാതിരുന്നതിന് മരമല്ലല്ലോ ഉത്തരവാദി. വിശപ്പുകൊണ്ട് കണ്ണുകാണാതെ കോപിഷ്ടനായി ശപിച്ച് മരം ഉണക്കിക്കളഞ്ഞെങ്കിൽ യേശു ചെയ്തത് ദൈവസിദ്ധമായ തന്റെ കഴിവ് ദുരുപയോഗപ്പെടുത്തലായിപ്പോയി എന്നു പറയേണ്ടിവരും. എന്നാൽ ഒരിക്കലും അതായിരുന്നില്ല അദ്ദേഹത്തിന്റെ സ്വഭാവം.

## പത്രോസ് യേശുവിനെ നിഷേധിക്കുന്നു

പ്രമുഖ ശിഷ്യനായ ശീമോൻ പത്രോസിനും യേശുവിനും ഒരുപോലെ ആക്ഷേപാർഹമായ മറ്റൊരു സംഭവം വളരെ പ്രാധാന്യത്തോടെ ബൈബിൾ വിവരിക്കുന്നു: "ശത്രുക്കൾ പിടികൂടി അറസ്റ്റുചെയ്തു കൊണ്ടുപോകുന്നതിന് തൊട്ടുമുമ്പ് യേശു ശിഷ്യൻമാരോട് പറഞ്ഞു: 'ഇന്ന് രാത്രി എല്ലാവരും എന്നെ വിട്ട് ഓടിപ്പോകും.' ശീമോൻ പത്രോസ് പറഞ്ഞു: 'ആരെല്ലാം ഉപേക്ഷിച്ചാലും ഞാൻ അങ്ങയെ ഉപേക്ഷിക്കുകയില്ല.' യേശു പ്രതിവചിച്ചു: 'ഈ രാത്രി കോഴി രണ്ടു പ്രാവശ്യം കൂവുന്നതിനുമുമ്പ് നീ മൂന്നു പ്രാവശ്യം എന്നെ തള്ളിപ്പറയും.' അൽപം കഴിഞ്ഞ് പുരോഹിതൻമാർ അയച്ച ആൾക്കൂട്ടം വടികളും വാളുകളുമായി വന്ന് യേശുവിനെ അറസ്റ്റ് ചെയ്തു. ശിഷ്യൻമാർ എല്ലാവരും ഓടിപ്പോയി. അഴിഞ്ഞു വീണ ലിനൻവസ്ത്രം എടുത്തുടുക്കാൻപോലും നിൽക്കാതെയാണ് ഒരാൾ ഓടിയത്. ശത്രുക്കൾ യേശുവിനെ മഹാപുരോഹിതന്റെ കൊട്ടാരത്തിലേക്ക് കൊണ്ടുപോയി. പത്രോസും മറ്റൊരു ശിഷ്യനും യേശുവിനെ പിന്തുടർന്ന് കൊട്ടാരമുറ്റത്ത് പ്രവേശിച്ചു. അവിടെ

ഒരു വേലക്കാരി പത്രോസിനെ നോക്കിപ്പറഞ്ഞു: 'ഇയാളും യേശുവിന്റെ ശിഷ്യരിൽ ഒരാളാണ്.' ഉടനെ പത്രോസ് നിഷേധിച്ചു: 'ഞാൻ ആ മനുഷ്യനെ അറിയുകപോലുമില്ല.' കുറച്ചുകഴിഞ്ഞ് മറ്റൊരു സ്ത്രീ പത്രോസിനോട് ചോദിച്ചു: 'നീയും യേശുവിന്റെ ഒരു ശിഷ്യനല്ലേ?' പത്രോസ് ആണയിട്ടു പറഞ്ഞു: 'അല്ല. ഒരിക്കലുമല്ല.' പിന്നീട് ആൾക്കൂട്ടത്തിൽ ചിലരും പത്രോസിനോട് പറഞ്ഞു: 'നിന്റെ സംസാരം കേട്ടാലറിയാം, നീയും ആ ഗലീലിയക്കാരൻ യേശുവിന്റെ കൂട്ടത്തിൽപെട്ടവൻ തന്നെ.' പത്രോസ് വീണ്ടും ശക്തിയായി നിഷേധിച്ചു. 'ആ മനുഷ്യനെ ഞാൻ അറിയുമെങ്കിൽ ദൈവം എന്നെ ശിക്ഷിച്ചുകൊള്ളട്ടെ.' ഉടനെ കോഴി രണ്ടാമതും കൂവി" (മത്തായി 26:69- 75).

ഈ സംഭവം സത്യമാണെങ്കിൽ അത് യേശുവിനും പത്രോസിനും ഒരുപോലെ അപമാനകരമാകുന്നു. യേശുവാകട്ടെ പത്രോസാകട്ടെ ഈ കഥ വായിച്ചു കേട്ടിരുന്നെങ്കിൽ തീർച്ചയായും കൈയോടെ നിഷേധിക്കുമായിരുന്നു. അഥവാ സംഗതി സത്യമാണെങ്കിൽ യേശുവിനെ തള്ളിപ്പറഞ്ഞ നിമിഷം മുതൽ പത്രോസ് ഭൂമിയിലെ ഏറ്റവും തരംതാഴ്ന്ന മനുഷ്യനായി അധഃപതിച്ചെന്നു വേണം കണക്കാക്കാൻ. കള്ളസത്യം അരുതെന്നുള്ളത് ദൈവകൽപനയാണ്. യേശുവിന്റെ പ്രമുഖ ശിഷ്യൻ അങ്ങനെ ചെയ്യുമെന്ന് കരുതാൻ വയ്യ. അവസാനഘട്ടം വരെയും സന്തത സഹചാരിയായി യേശുവിന്റെ കൂടെ കഴിഞ്ഞിട്ടും സത്യം പറയാനുള്ള ചങ്കൂറ്റം ഉണ്ടായില്ലെങ്കിൽ പിന്നെ എന്തു പഠിച്ചു, എന്തു പഠിപ്പിച്ചു എന്ന് ന്യായമായും ആരും സംശയിച്ചേക്കും. ഏറ്റവും ആപദ്ഘട്ടത്തിൽ ഗുരുവിനെ ഉപേക്ഷിക്കുകയും തള്ളിപ്പറയുകയും ചെയ്ത, ആത്മാർഥത തൊട്ടുതീണ്ടാത്ത വിശ്വാസവഞ്ചകനും നന്ദികെട്ടവനും ആയ ഒരു ശിഷ്യന് യേശു ഒരിക്കലും പ്രമുഖസ്ഥാനം കൽപിക്കുമായിരുന്നില്ല.

എന്നാൽ ബൈബിൾ ആരോപിക്കുന്നപോലെ മൂല്യമില്ലാത്തവരായിരുന്നില്ല ക്രിസ്തുശിഷ്യർ എന്നതാണ് വാസ്തവം. പരിശുദ്ധ ഖുർആൻ ഇക്കാര്യം വ്യക്തമാക്കുന്നു. ക്രിസ്തുവിനെ മാത്രമല്ല ക്രിസ്തുശിഷ്യരെയും അംഗീകരിക്കുന്നവരാണ് മുസ്‌ലിംകൾ. തീരെ വിശ്വസിക്കാൻ പറ്റാത്തവരോ ദുഃസ്വഭാവികളോ ആയിരുന്നെങ്കിൽ ഖുർആനിൽ അവരെപ്പറ്റി നല്ല പരാമർശങ്ങളൊട്ടും ഉണ്ടാകുമായിരുന്നില്ല. ഉത്കൃഷ്ട വ്യക്തികളെപ്പറ്റി ഹീനമായ ദുരാരോപണങ്ങൾ നടത്തുക എന്നുള്ളത് ബൈബിൾ കർത്താക്കളിൽ പലരും സ്വീകരിച്ചിട്ടുള്ള ശൈലിയായതിനാൽ ക്രിസ്തുശിഷ്യരുടെ കാര്യത്തിലും ആ വഴക്കം പാലിക്കപ്പെട്ടു എന്നു കരുതുന്നതാവും

യുക്തിസഹം.

## സ്വർഗരാജ്യത്തിന്റെ താക്കോലുകൾ

മറ്റൊരു ബൈബിൾ പ്രസ്താവനയിൽ, ശാരീരികശേഷിയിലും കാര്യപ്രാപ്തിയിലും കരുത്തനായ ശിഷ്യൻ പത്രോസിനെ വിളിച്ച് അഭിനന്ദന സ്വരത്തിൽ യേശു പറയുന്നു: "പത്രോസേ, നീ പാറയാകുന്നു (പത്രോസ് എന്നാൽ പാറ എന്നർഥം). ഈ പാറമേൽ ഞാൻ എന്റെ പള്ളി പണിയും." പക്ഷേ, പള്ളി എന്നതുകൊണ്ട് യേശു ഉദ്ദേശിച്ചത് ഒരു പുതിയ മതവിഭാഗമായിരുന്നില്ലെന്നും ഇസ്രായേൽക്കാർക്കിടയിലെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കി ശുദ്ധീകരണവും നവീകരണവും നടത്തി ഒരു പുതിയ സംസ്കൃത ജനവിഭാഗത്തെ രൂപപ്പെടുത്തുക മാത്രമായിരുന്നെന്നും യേശുവിന്റെയും ശിഷ്യന്മാരുടെയും അനന്തര നപടികൾ വ്യക്തമാക്കുന്നു. ഒരു പുതിയ മതം സ്ഥാപിക്കുക എന്നുള്ളത് അദ്ദേഹത്തിന്റെ പ്രവാചക ദൗത്യത്തിന് തികച്ചും എതിരായിരുന്നു. മറ്റൊരിക്കൽ ആലങ്കാരികഭാഷയിൽ യേശു പത്രോസിനോടു പറഞ്ഞു: "സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിഞ്ഞിരിക്കും." സ്വർഗം തുറക്കാനും പൂട്ടാനുമുള്ള താക്കോലായിരുന്നില്ല യേശു ശിഷ്യനു കൊടുത്തത്. അങ്ങനെ ഒരു അത്ഭുത താക്കോൽ അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നുമില്ല. എന്നുതന്നെയല്ല, സ്വർഗത്തിന്റെ കാര്യത്തിൽ അങ്ങനെ ഒരു അധികാരവും യേശുവിന് ഉണ്ടായിരുന്നില്ലല്ലോ. യഥാർഥത്തിൽ യേശു ഉദ്ദേശിച്ചത് നിന്നെ ഞാൻ പഠിപ്പിക്കുന്നത് ദൈവത്തിന്റെ നേരായ മാർഗത്തിലേക്കുള്ള ഉപദേശങ്ങളാണ്. ഈ ഉപദേശങ്ങൾ പാലിച്ചു ജീവിച്ചാൽ നിനക്ക് ദൈവിക വെളിച്ചവും പരലോകത്ത് ദൈവികസാമീപ്യവും ലഭിക്കും എന്നായിരുന്നു.

വാസ്തവമായും നിലവിലില്ലാത്ത ആ താക്കോലും അതിന്റെ പിന്തുടർച്ചാവകാശവുമാണ് ചില സഭാനേതൃത്വങ്ങൾ വാദിച്ചുകൊണ്ടിരിക്കുന്നത്. 'കെട്ടുന്നതിനും അഴിക്കുന്നതിനും പത്രോസിന് കിട്ടിയ ഈ അധികാരത്തിന്റെ പിന്തുടർച്ചാവകാശികൾ എന്ന നിലയിലാണ് കത്തോലിക്കാസഭ പാപമോചനത്തിനുള്ള കുമ്പസാരം എന്ന ചടങ്ങിൽക്കൂടി വിശ്വാസികളെ ചൊൽപ്പടിയിൽനിർത്തുന്നത്. യേശു ചെയ്തതായി പറയുന്ന ആ പ്രസ്താവനയെ ശിഷ്യന്മാർ വളച്ചൊടിക്കുമ്പോൾ യാതൊരു അർഥശങ്കക്കും ഇടയില്ലാത്തവിധം ഖുർആൻ പറയുന്നു: "മനുഷ്യർക്കു വേണ്ടി ദൈവം ചൊരിയുന്ന ഒരു കാരുണ്യവും തടഞ്ഞുവെക്കാൻ ആർക്കുമാ

വില്ല. ദൈവം തടഞ്ഞുവെക്കുന്നതിനെ പിന്നീട് വിട്ടയക്കാനും ഒരാൾക്കും കഴിയില്ല. അവൻ ഏറ്റവും പ്രതാപവാനും എന്തിനും കഴിവുള്ളവനുമാകുന്നു." ദൈവം തടഞ്ഞുവെച്ചത് കൊടുപ്പിക്കാൻ യേശുവിനോ പത്രോസിനോ ആവുമെന്ന് ആരാണ് വിശ്വസിക്കുക!

സുവിശേഷങ്ങൾ യേശു വായിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല എന്നുള്ളത് ഒരു നിസ്സാരകാര്യമല്ല. ഒരു മതസ്ഥാപകൻ ആ മതത്തിന്റെ ഭരണഘടന എന്നു വിശേഷിപ്പിക്കാവുന്ന പ്രമാണഗ്രന്ഥത്തെപ്പറ്റി കേട്ടറിവുപോലുമില്ലാത്ത അജ്ഞനായിരുന്നു എന്നാണതിന്റെ അർഥം.

മറ്റേതെങ്കിലും മതത്തോടോ സംഘടനയോടോ താരതമ്യംചെയ്താൽ അക്കാര്യം വ്യക്തമാകും. ഉദാഹരണത്തിന് ഇസ്‌ലാംമതമെടുക്കാം. പ്രവാചകനായ മുഹമ്മദ്നബിക്ക് ഗബ്രിയേൽ മാലാഖ വഴി വെളിപ്പെടുത്തിക്കിട്ടിയ മതഗ്രന്ഥമായ ഖുർആൻ ഇന്നുവരെ യാതൊരു മാറ്റത്തിനും വിധേയമായിട്ടില്ലാത്തതും നബി അംഗീകരിച്ചിട്ടില്ലാത്ത ഒരൊറ്റ വാക്കുപോലും ഉൾപ്പെടാത്തതുമാണെന്നും ദൈവനാമത്തിൽ അത് ആണയിട്ടു പ്രഖ്യാപിക്കുന്നു. അതേസമയം ലോകത്തെ ഏറ്റവും വലിയ മതവിഭാഗത്തിന്റെ മതഗ്രന്ഥം ആ മതസ്ഥാപകൻ കാണുകയോ കേൾക്കുകയോ ചെയ്യാത്തതാണെങ്കിൽ അത് എന്തുകൊണ്ട് അങ്ങനെ ആയി എന്ന ചോദ്യം വളരെ പ്രസക്തമാകുന്നു.

## ക്രിസ്തുവിന്റെയും ക്രിസ്ത്യാനികളുടെയും ദൈവം വ്യത്യസ്തം

ദൈവമാണ് മതവിശ്വാസത്തിന്റെ കാതൽ. ക്രിസ്തുമത സ്ഥാപകനായ യേശുക്രിസ്തു പ്രാർഥിച്ച ദൈവത്തോടല്ല ക്രിസ്ത്യാനികളുടെ പ്രാർഥന. അബ്രഹാമും ഇസ്മായേലും ഇസഹാക്കും യാക്കോബും മോശെയും ആരാധിച്ച അതേദൈവംതന്നെയായിരുന്നു യേശുവിന്റെ ദൈവം. എന്നാൽ ക്രൈസ്തവർക്ക് ദൈവം യേശുവായി മാറി. ഇങ്ങനെ മതസ്ഥാപകന്റെ ദൈവവും അദ്ദേഹത്തിന്റെ അനുയായികളുടെ ദൈവവും വ്യത്യസ്തമായിത്തീരുന്നത് ഒരു വലിയ വിരോധാഭാസമല്ലേ? താൻ സർവശക്തനും സർവജ്ഞനുമായ ദൈവമാണെന്നോ എല്ലാവരും തന്നെ ആരാധിക്കേണ്ടതാണെന്നോ യേശു പറഞ്ഞതായ യാതൊരു സൂചനയും ബൈബിളിലെങ്ങുമില്ല. തന്നെ മനുഷ്യപുത്രൻ എന്നല്ലാതെ ദൈവപുത്രൻ എന്ന് യേശു ഒരിക്കലും വിശേഷിപ്പിച്ചിട്ടില്ല. സ്വന്തമായി ഒരു ഈച്ചയെ പോലും സൃഷ്ടിക്കാൻ കഴിവില്ലാതിരുന്ന യേശുവിനെ സൃഷ്ടികർത്താവും സർവശക്തനുമായ ദൈവം തമ്പുരാന് തുല്യമായി ആരാധിക്കുന്നതിൽപ്പരം അബദ്ധമെന്തുണ്ട്? അദ്ദേഹം അങ്ങേയറ്റം വിനയാന്വിതനായി

ദീർഘനേരം പ്രാർഥിച്ചതിന്റെയും നീണ്ട ഉപവാസങ്ങൾ അനുഷ്ഠിച്ചതിന്റെയും ഉദാഹരണങ്ങൾ എത്രവേണമെങ്കിലും കാണാൻ കഴിയും. ദൈവമായിരുന്നെങ്കിൽ അദ്ദേഹത്തിന് പ്രാർഥനയുടെ ആവശ്യമെന്തായിരുന്നു? ദൈവത്തിന് മാറ്റമില്ലെന്ന് മതം പറയുന്നു. എങ്കിൽ ക്രിസ്തുവിനു മുമ്പ് ദൈവം യഹോവയും ശേഷം ക്രിസ്തുവും ആകുന്നതെങ്ങനെ?

## ക്രിസ്തുവും കുരിശും

ക്രിസ്തുമതത്തിന്റെ ഔദ്യോഗികവും പവിത്രവുമായ ചിഹ്നമാണ് കുരിശ്. എന്നാൽ ക്രിസ്തു തെരഞ്ഞെടുത്തതല്ല ആ ചിഹ്നം. ആ കാലഘട്ടത്തിലെ ജനങ്ങളും ക്രിസ്തുവും ഭയത്തോടും വെറുപ്പോടും വീക്ഷിച്ചിരുന്ന ഒരു പീഡനോപകരണം മാത്രമായിരുന്നു അത്. കുറ്റവാളികൾ മാത്രമല്ല അധികാരിവർഗത്തിനിഷ്ടമില്ലാത്ത ആയിരക്കണക്കിൽ നിരപരാധികളും പാവപ്പെട്ടവരും അടിമകളും അക്കാലത്ത് കുരിശിൽ കിടന്നു പിടഞ്ഞുമരിച്ചിട്ടുണ്ട്. ക്രൂരതയുടെ പര്യായമായിരുന്നു അത്. തനിക്കുവേണ്ടിയും ഒരു കുരിശ് ഉയർന്നുവരാനുള്ള സാധ്യത മുൻകൂട്ടിക്കണ്ടാണ് ഗദ്സമേൻ തോട്ടത്തിൽവെച്ച് യേശു ഹൃദയമുരുകി പ്രാർഥിച്ചത്: “ദൈവമേ, ഇത് എന്നിൽനിന്ന് നീക്കിത്തരേണമേ.” സ്നേഹത്തോടെ കുരിശിനെ മാടിവിളിക്കുകയല്ല, ‘അകറ്റിത്തരേണമേ’ എന്നു പ്രാർഥിക്കുകയായിരുന്നു ഭയത്തോടും വെറുപ്പോടും കൂടി അദ്ദേഹം. അതേ കുരിശ് തന്നെയാണ് ഇന്ന് രക്ഷയുടെ പ്രതീകമായ ആരാധനാ വസ്തുവായിരിക്കുന്നത്. എന്തൊരു വിരോധാഭാസം!

യേശുവിന്റെ കുരിശുമരണം രക്ഷക്കും സന്തോഷത്തിനും കാരണമായതുകൊണ്ടാണ് കുരിശ് പവിത്രവും പൂജനീയവുമായി തീർന്നതെങ്കിൽ ആ മരണത്തിന് കാരണക്കാരായ യഹൂദരെ ലോകമാസകലം വേട്ടയാടി കടുത്ത പീഡനങ്ങൾക്കും കൂട്ടക്കൊലക്കും വിധേയരാക്കിയതെന്തിന്? നിന്ദ്യവും നിർജീവവുമായ കുരിശിനെ പവിത്രീകരിച്ച് ഉയർത്തിയപ്പോൾ യേശുവിന്റെ സ്വന്തം വംശത്തിലും രക്തത്തിലും പെട്ട ഇസ്രായേൽക്കാരിലെ യഹൂദരെ മനുഷ്യത്വരഹിതമായി കൂട്ടക്കൊല ചെയ്തതിന് എന്തു ന്യായീകരണമുണ്ട്?

## ദിവ്യബലി

ക്രിസ്തുവിനെ മരണത്തിന് ഒറ്റിക്കൊടുത്ത യൂദാസിനെയും യഹൂദരെയും വഞ്ചകരും അക്രമികളുമായി ആക്ഷേപിക്കുന്ന പുരോഹിതർ യേശുവിന്റെ കുരിശുമരണം ദിവ്യകുർബാന, ദിവ്യബലി, സ്നേഹബലി എന്നീ ഓമനപ്പേരുകളിൽ ഇന്ന് എല്ലാ പള്ളികളിലും എല്ലാ ദിവസവും

ആഘോഷിച്ചുവരുന്നു. ദിവ്യബലിക്കിടയിൽ, കുരിശിലേറ്റിയ യേശുവിന്റെ മൃതശരീരവും വാർന്നൊഴുകിയ രക്തവും എന്ന സങ്കൽപത്തിൽ പുരോഹിതൻ വിതരണം ചെയ്യുന്ന അപ്പവും വീഞ്ഞും വിശ്വാസികൾ വാതുറന്നും കൈ നീട്ടിയും സ്വീകരിക്കുന്നു; അതീവഭക്തിയോടെ. രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് യഹൂദർ നടത്തിയ കുരിശിലേറ്റൽ നിന്ദ്യവും നീചവുമായി ചിത്രീകരിക്കുന്ന പുരോഹിതർ തന്നെയാണ് ഇന്നത് രക്ഷയുടെയും പാപമോചനത്തിന്റെയും പ്രതീകമായി ആവർത്തിക്കുന്നത്. അന്നത്തെ പുരോഹിതർ ചെയ്തത് ശിക്ഷാർഹമായ തെറ്റ്. ഇന്നത്തെ പുരോഹിതർ ചെയ്യുന്നത് വിശ്വാസികൾക്ക് രക്ഷാകരമായ ശരി. നിഷ്കളങ്കനും നിരപരാധിയുമായ യേശുവിനെ മരണശിക്ഷക്ക് വിട്ടുകൊടുത്ത ന്യായാധിപനായ പിലാത്തോസ് നീതിപീഠത്തിന് വരുത്തിവെച്ചത് തീരാകളങ്കം. കാലം കടന്നുപോയപ്പോൾ ആ നീതിമാന്റെ രക്തം പാനംചെയ്യുന്നതും മൃതശരീരം ഭക്ഷിക്കുന്നതും ഏറ്റവും വലിയ രക്ഷാകർമം എന്നായി പുരോഹിത വ്യാഖ്യാനം.

യേശുവും അദ്ദേഹത്തിന്റെ കാലശേഷം ശിഷ്യന്മാരും ഇസ്രായേലീ മതവിശ്വാസങ്ങളും ആചാരങ്ങളുമനുസരിച്ചാണ് ജീവിച്ചതെന്നതിന് തെളിവുകൾ ധാരാളമുണ്ട്. ജന്മദിനം ആചരിക്കുക എന്ന പതിവ് ഇസ്രായേൽക്കാർക്കിടയിൽ ഇല്ലാതിരുന്നതുകൊണ്ട് യേശുവിന്റെ ആദ്യകാല ശിഷ്യന്മാരാരും യേശുവിന്റെ ജന്മദിനമായി ക്രിസ്മസ് ആഘോഷിച്ചിട്ടില്ല. ഈസ്റ്റർ ആഘോഷവും അവർക്കജ്ഞാതമായിരുന്നു.

## യേശു ഇസ്രായേൽക്കാരുടെ പ്രവാചകൻ

ഇസ്രായേൽക്കാർക്കിടയിൽ മാത്രമായിരുന്നു യേശുവിന്റെ പ്രവർത്തനം. ദൈവം അതിനു മാത്രമേ തന്നെ ചുമതലപ്പെടുത്തിയിട്ടുള്ളൂ എന്ന കാര്യത്തിൽ തികച്ചും ബോധവാനായിരുന്നു അദ്ദേഹം. ലോകത്തെ മുഴുവൻ ജനങ്ങളെയും ദൈവമാർഗത്തിലേക്ക് കൊണ്ടുവരേണ്ട ബാധ്യത തനിക്കില്ലെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. അനവധി ഇസ്രായേൽക്കാരുടെ രോഗങ്ങളും ശാരീരിക വൈകല്യങ്ങളും ദൈവസഹായം ഉപയോഗപ്പെടുത്തി അത്ഭുതശക്തി വഴി സുഖപ്പെടുത്തിക്കൊടുത്ത യേശു മറ്റു ജനങ്ങൾക്ക് അതേ സഹായം ചെയ്തുകൊടുക്കുന്ന കാര്യത്തിൽ തീരെ വിമുഖനായിരുന്നു. അതു തന്റെ പ്രവർത്തന പരിധിക്കപ്പുറത്തുള്ളതാണെന്നായിരുന്നു അദ്ദേഹത്തിന്റെ ന്യായീകരണം. തന്റെ പിന്നാലെ നടന്ന് മകളുടെ രോഗശാന്തിക്കായി കേണപേക്ഷിച്ചുകൊണ്ടിരുന്ന ഒരു കനാൻകാരി

യക്കാമെന്നായിരുന്നു വിധി പ്രഖ്യാപനം. എന്നാൽ പിന്നീട് പുരോഹിതർ സംഘടിപ്പിച്ച ജനക്കൂട്ടത്തിന്റെ സമ്മർദത്തിനു വഴങ്ങി ന്യായാധിപൻ യേശുവിനെ മരണത്തിനു വിട്ടുകൊടുക്കാൻ നിർബന്ധിതനാവുകയായിരുന്നു (ലൂക്കാ 23:3, 4: 13– 25).

ഇസ്രായേൽക്കാരുടെ മതപരവും സാമൂഹികവുമായ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും പിടിമുറുക്കിയ ദുഷ്ടശക്തികളായ പുരോഹിതന്മാരെ ആക്ഷേപിച്ചുകൊണ്ട് തന്റെ പല പ്രസംഗങ്ങളിലും യേശു അവരെ 'സർപ്പസന്തതികളേ വെള്ളതേച്ച ശവക്കല്ലറകളേ' എന്നെല്ലാം സംബോധന ചെയ്തതായിരുന്നു പുരോഹിതന്മാരെ പ്രകോപിപ്പിച്ചത്. ഇസ്രായേൽക്കാരുടെ മതത്തിൽ ഒരു മനുഷ്യൻ ദൈവമെന്ന് അവകാശപ്പെടുന്നത് മരണ ശിക്ഷ വിധിക്കാവുന്ന വൻകുറ്റമായിരുന്നു. അതുകൊണ്ടാണ് കള്ളസാക്ഷികളെപ്പോലും അണിനിരത്തി ന്യായാധിപന്റെ മുന്നിൽ പുരോഹിതർ ആ ഗൗരവമേറിയ ആരോപണം ഉന്നയിച്ചത്. യേശു അത് അസന്ദിഗ്ധമായി നിഷേധിക്കുകയും ചെയ്തു. സൃഷ്ടിക്ക് ദിവ്യത്വം കൽപിക്കൽ രണ്ടായിരം കൊല്ലങ്ങൾക്കു മുമ്പ് വളരെ കടുത്ത കുറ്റമായി യേശുവും അദ്ദേഹത്തിന്റെ മതവും അംഗീകരിച്ചിരിക്കെ പിൽക്കാലത്ത് ഒരു മതം യേശുവിനെ ദൈവമായി പ്രഖ്യാപിച്ചുവെങ്കിൽ ആ മതം അദ്ദേഹം സ്ഥാപിച്ചതല്ല എന്നതിന് അതുതന്നെ മതിയായ തെളിവാകുന്നു.

അബ്രഹാമിന്റെയും മകൻ ഇസ്മായേലിന്റെയും പരിഛേദനം (ചേലാകർമം) നടത്തിയതുമുതൽ എല്ലാ ആൺകുട്ടികൾക്കും നിർബന്ധമായിരുന്ന പരിഛേദന കർമം യേശുവിനും നടത്തിയിട്ടുണ്ട്; ജനിച്ചതിന്റെ ഏഴാം ദിവസം. യേശു സ്ഥാപിച്ച മതത്തിന്റെ അനുയായികൾ അത്തരം ഒരാചാരം ഉപേക്ഷിക്കുകയോ ആക്ഷേപാർഹമായി കരുതുകയോ ഇല്ലായിരുന്നു. അതുപോലെ തന്നെ ഇസ്രായേൽക്കാരുടെ മതനിയമങ്ങൾ അനുസരിച്ച് ജീവിച്ച യേശു പന്നിമാംസം നിഷിദ്ധവും വർജ്യവുമായാണ് കണ്ടിരുന്നത്. അതേ പന്നിമാംസം ഇഷ്ടഭോജ്യമാക്കുന്നവർ യേശുവിൽനിന്ന് ബഹുദൂരം അകന്നിരിക്കുന്നുവെന്ന് വ്യക്തമാണ്.

## മർയം ഖുർആനിൽ

യേശുവിനു ജന്മംകൊടുത്ത ദൈവഭക്തയായ ഒരു ഉത്തമസ്ത്രീ എന്നല്ലാതെ അമാനുഷികമായ എന്തെങ്കിലും അത്ഭുതസിദ്ധി മറിയത്തിനുള്ളതായി ബൈബിൾ രേഖപ്പെടുത്തിയിട്ടില്ല. വാസ്തവം പറഞ്ഞാൽ ബൈബിളല്ല ഖുർആനാണ് മറിയത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തിട്ടുള്ളത്. ബൈബിളിൽ പേരുപറഞ്ഞിട്ടുള്ള അനേകം സ്ത്രീകളിൽ

ഒരാൾ മാത്രമാണ് മറിയം. എന്നാൽ യേശുവിന്റെ അമ്മ എന്ന നിലയിൽ മറിയത്തിന്റേതു മാത്രമാണ് ഖുർആനിലുള്ള ഏക സ്ത്രീനാമം. എന്നു തന്നെയല്ല, ഖുർആനിൽ പ്രത്യേകമായ ഒരധ്യായം തന്നെയുണ്ട് 'മർയം' എന്ന പേരിൽ. ആ ഒറ്റ കാര്യം മതി എത്ര നിഷ്പക്ഷതയോടും വിശാല മനസ്കതയോടും കൂടിയാണ് അതിൽ കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത് എന്നു മനസ്സിലാക്കാൻ. യേശുവിനും അമ്മ മറിയത്തിനും ഇസ്‌ലാം കൊടുത്തിട്ടുള്ള ഉന്നതസ്ഥാനം ഖുർആൻ വായിച്ച് വേണ്ടവിധം മനസ്സിലാക്കുന്നതിന് ക്രൈസ്തവരോ അത് മനസ്സിലാക്കിക്കൊടുക്കുന്നതിന് മുസ്‌ലിംകളോ വേണ്ടത്ര ശ്രമിച്ചിട്ടില്ലെന്നുള്ളത് രണ്ടുഭാഗത്തിന്റെയും വലിയ വീഴ്ചയായിട്ടുവേണം കരുതാൻ. നൂറ്റാണ്ടുകളായി ലോകത്തിന്റെ പല ഭാഗത്തും പരസ്പരം പോരടിച്ച് ചിന്തിയ ചോരയും നഷ്ടപ്പെടുത്തിയ ജീവിതങ്ങളും വഴി ഇരു മതങ്ങളും ആ വീഴ്ചക്ക് കൊടുത്ത വില കണക്കറ്റതാണ്. പരസ്പരം കൂടുതൽ മനസ്സിലാക്കാനും സഹിഷ്ണുതകാട്ടാനും ഈ മതങ്ങൾ ബോധപൂർവം ശ്രമിക്കേണ്ടിയിരിക്കുന്നു. പരസ്പരവിശ്വാസം വർധിപ്പിച്ചും അകൽച്ചയുടെ കാരണങ്ങൾ കഴിയുന്നത്ര കുറച്ചും പഴയ മുറിവുകളുണക്കി പരസ്പര ബഹുമാനത്തിന്റേതും സ്നേഹത്തിന്റേതുമായ ഒരു നൂതനപാത വെട്ടിത്തുറക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

## യേശുവിന്റെ അത്ഭുതസിദ്ധി എവിടന്ന്?

സ്വന്തം മഹത്വംകൊണ്ടോ ജന്മസിദ്ധമായ ഭക്തിവിശേഷത്താലോ അല്ല യേശു അത്ഭുതങ്ങൾ പ്രവർത്തിച്ചത്. ഉള്ളുരുകിയുള്ള പ്രാർഥനകളും ഉപവാസങ്ങളും വഴി ദൈവത്തിൽനിന്നു നേടിയെടുത്തതായിരുന്നു ആ സിദ്ധികൾ. ഓരോ അത്ഭുതപ്രവർത്തനത്തിനു മുമ്പും അദ്ദേഹം പ്രാർഥിക്കുന്നതായും പ്രാർഥന സാധിച്ചുകിട്ടുമ്പോൾ ദൈവത്തോട് നന്ദിപറയുന്നതായും കാണാം. ദൈവത്തിന്റെ മഹാശക്തിയായിരുന്നു യേശുവിന്റെ അത്ഭുതസിദ്ധിയുടെ ഉറവിടം എന്ന സത്യത്തെ അവഗണിക്കുമ്പോഴാണ് യേശു ദൈവമാക്കപ്പെടുന്നത്.

അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ തീറ്റി, കടലിനുമീതെ നടന്നു, മരിച്ചവരെ ജീവിപ്പിച്ചു, പലവിധ രോഗങ്ങൾ സുഖപ്പെടുത്തി എന്നിങ്ങനെ യേശുചെയ്ത അത്ഭുതങ്ങൾ അനവധി. എന്നാൽ അവയേക്കാൾ ഒട്ടും താഴെയല്ലാത്തതോ മികച്ചതോ ആയ അത്ഭുതങ്ങൾ പ്രവർത്തിച്ച പ്രവാചകന്മാരും ഈ ഭൂമിയിൽ ജനിച്ചിട്ടുണ്ടെന്നുള്ളതാണ് വാസ്തവം. മരുഭൂമിയിൽ ആകാശത്തുനിന്ന് 'മന്ന' എന്ന അത്ഭുത ഭക്ഷ

ണമിറക്കി ഇസ്രായേൽ ജനതയെ മോശെ പ്രവാചകൻ കൊല്ലങ്ങളോളം തീറ്റിപ്പോറ്റിയിട്ടും ആരും അദ്ദേഹത്തെ ദൈവമെന്ന് വിളിച്ചില്ല. യേശു കടലിനു മീതെ നടന്നുവെങ്കിൽ മോശെ ചെങ്കടൽ പിളർത്ത് പാതയൊരുക്കി ഇസ്രായേൽ മക്കളെ വാഗ്ദത്തഭൂമിയിലേക്ക് വഴിനടത്തിയിട്ടുണ്ട്. അതിന്റെ പേരിൽ ഇസ്രായേല്യർ അദ്ദേഹത്തെ ദൈവമായി വാഴ്ത്തിയിട്ടില്ല.

## കുരിശിൽ മരിച്ചുവോ?

യേശു കുരിശിൽ മരിച്ചിട്ടില്ലെന്ന ഖുർആൻവാക്യത്തെ സാധൂകരിക്കുന്ന പല തെളിവുകളും ബൈബിൾ സൂക്ഷ്മമായി വിലയിരുത്തുന്നവർക്കു കാണാൻ കഴിയും. മനുഷ്യവർഗത്തിന്റെ മുഴുവൻ പാപഭാരവും ഏറ്റെടുത്ത് യേശു കുരിശിൽത്തൂങ്ങി മരിച്ചത് എല്ലാവരെയും സ്വർഗരാജ്യത്തിന് അവകാശികളാക്കാൻ വേണ്ടിയാണെങ്കിൽ പിന്നെ ക്രിസ്ത്യാനികൾ മരണത്തെ ഭയപ്പെടുന്നതെന്തിന് എന്നാണ് ഖുർആൻ ചോദിക്കുന്നത്. ഒരു മനുഷ്യന്നും മറ്റൊരാളുടെ പാപം ഏറ്റെടുക്കാനാവില്ലെന്നും ഓരോരുത്തർക്കും അവനവന്റെ കർമഫലം അനുഭവിക്കേണ്ടിവരുമെന്നുമാണ് ഖുർആൻ പറയുന്നത്. ദൈവകൽപന അനുസരിച്ച് മനുഷ്യർക്കു നന്മമാത്രം ചെയ്തു ജീവിച്ച നിരപരാധിയായ യേശുവിനെ മറ്റുള്ളവരുടെ പാപം പരിഹരിക്കാനായി അതികഠിനമായ കുരിശുമരണത്തിന് ഏറ്റവും നീതിമാനും കാരുണ്യവാനുമായ ദൈവം വിധേയമാക്കി എന്ന വിശ്വാസം ദൈവിക നീതിക്കു മാത്രമല്ല മാനുഷികമൂല്യങ്ങൾക്കും നിരക്കാത്തതാണ്.

കുരിശുമരണത്തിന്റെ വിശ്വാസ്യതയെ സംശയിക്കാവുന്ന പല പരാമർശങ്ങളും ബൈബിളിൽ തന്നെ കാണാം. യേശു ശത്രുക്കളുടെ പിടിയിൽ അകപ്പെടുന്നതിനു തൊട്ടുമുമ്പ് അതീവഭക്തിയോടെ പ്രാർഥിക്കുകയുണ്ടായി: “വരാനുള്ള കുരിശുമരണം ഒഴിവാക്കിത്തരേണമേ!” യേശുവിന്റെ അത്യന്തം വേദനാജനകമായ ആ പ്രാർഥന ദൈവം സ്വീകരിച്ചതുകൊണ്ടാവണം കുരിശുവഹിച്ച് കാൽവരിക്കുന്നിലേക്കു നടന്നുനീങ്ങിയ യേശുവിന്റെ തോളിലെ കുരിശ് പട്ടാളക്കാർ എടുത്ത് ആ വഴി വന്ന സൈറീൻകാരനായ ശീമോൻ എന്നയാളുടെ തോളിലേക്ക് മാറ്റിവെച്ചുകൊടുക്കാൻ ഇടയായത് (മത്തായി 27:32). മരണശിക്ഷ നടപ്പാക്കേണ്ട ഗാഗുൽത്താമലയിൽ എത്തിയപ്പോൾ കുരിശ് തിരിച്ചുവാങ്ങി ശീമോനെ ഒഴിവാക്കിയതായി വിവരണമില്ല. കുരിശു ചുമന്നു ചെല്ലുന്നവർ കുറ്റവാളി എന്നാണ് വഴക്കം. അതനുസരിച്ച് കുരിശു ചുമന്നുചെന്ന ആളെത്തന്നെ യേശുവാണെന്ന ധാരണയിൽ പട്ടാളക്കാർ, അയാളുടെ എതിർപ്പുകളെല്ലാം അവഗണിച്ച്, കുരിശിൽ തറച്ചിരിക്കാനാണ് സാധ്യത. തെറ്റുധാരണകൊണ്ട്

ആളുമാറിയാണ് താൻ കുരിശിൽ തറക്കപ്പെടുന്നതെന്ന് അയാൾക്കും ബോധ്യപ്പെട്ടിരിക്കും. അതുകൊണ്ടാവാം 'ദൈവമേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല, ഇവരോട് ക്ഷമിക്കേണമേ' എന്ന് ആ ക്രൂശിതൻ പ്രാർഥിച്ചത് (ലൂക്കാ 23:34).

പിന്നീട് മരണാസന്നനായ അയാൾ 'എന്റെ ദൈവമേ, എന്റെ ദൈവമേ എന്നെ കൈവിട്ടതെന്ത്' എന്നു വിലപിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട് (മത്തായി 27:46). മരിച്ചത് യേശു അല്ലെന്നുള്ളതിന്റെ ശക്തമായ മറ്റൊരു തെളിവാണ് ആ വിലാപം. കഴിവിന്റെ പരമാവധി ദൈവത്തിന്റെ സന്ദേശവും സുവിശേഷവും ഇസ്രായേൽക്കാരെ അറിയിച്ച യേശുവിനെ കുരിശിലേറ്റി മരണശിക്ഷക്ക് ദൈവം അനുവദിക്കുകയില്ലല്ലോ. ദൈവം ഏൽപിച്ച ദൗത്യം നിറവേറ്റുന്നതിൽ അദ്ദേഹം കുറ്റകരമായ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിലേ അത്തരമൊരു ശിക്ഷക്ക് സാംഗത്യമുള്ളൂ.

## ശിഷ്യന്മാരുടെ സംശയം

മരിച്ചത് യേശുവല്ലെങ്കിൽ ഉയിർത്തെഴുന്നേറ്റതും അദ്ദേഹമല്ലെന്ന് വ്യക്തം. ഉയിർത്തെഴുന്നേറ്റ മനുഷ്യൻ ഏതാനും പ്രാവശ്യം ശിഷ്യന്മാർക്കും മറ്റു ചിലർക്കും പ്രത്യക്ഷപ്പെട്ടതായാണ് വിവരണം. എന്നാൽ അവിടെയും അത് യേശുവാണെന്ന് സംശയരഹിതമായി ശിഷ്യന്മാർപോലും വിശ്വസിക്കുന്നില്ലെന്നുള്ളതാണ് വാസ്തവം. കുരിശിൽ തറക്കപ്പെട്ട ആൾതന്നെ എന്ന തെളിവിനായി അയാൾ ശരീരഭാഗങ്ങളിലെ ആണിപ്പഴുതുകൾ ശിഷ്യന്മാർക്ക് കാണിച്ചുകൊടുക്കുന്നു. മരിച്ചതും ഉയർന്നതും യേശുതന്നെ ആയിരുന്നെങ്കിൽ തനിക്ക് ഏറ്റവും പ്രിയപ്പെട്ടവരും ചിരപരിചിതരും ആയിരുന്ന ശിഷ്യന്മാർക്കു മുമ്പിൽ ജീവനോടെ നിവർന്നു നിൽക്കുമ്പോൾ തിരിച്ചറിവിനായി ഏതെങ്കിലും അടയാളം കാണിച്ചുകൊടുക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. കൈകാലുകളിലെ മുറിവുകൾ ഉണങ്ങാതെ നിലനിന്നിരുന്നു എന്നു പറയുമ്പോൾ ആൾക്ക് ആകൃതിവ്യത്യാസം വന്നിരുന്നില്ലെന്നുവേണം മനസ്സിലാക്കാൻ. എങ്കിൽപ്പിന്നെ ഗുരുവിനെ തിരിച്ചറിയാൻ ശിഷ്യൻമാർക്ക് എന്താണ് പ്രയാസം? മുഖചരായ, ശബ്ദം മുതലായവക്ക് എങ്ങനെ മാറ്റം വരും? നേർക്കുനേരെ വരാതെ മറഞ്ഞു നിന്നു വിളിച്ചാലും ശബ്ദംകൊണ്ട് ആളെ തിരിച്ചറിയാൻ ആർക്കും കഴിയുന്നതാണല്ലോ. ഇവിടെയാവട്ടെ സന്തതസഹചാരികളായ ശിഷ്യന്മാർക്കുപോലും ഇത് യേശുതന്നെയോ എന്നതിൽ സംശയം തോന്നുന്നു. ഒരിക്കലല്ല, പല പ്രാവശ്യം.

മരണത്തിൽനിന്ന് ഉയിർത്തെഴുന്നേൽക്കപ്പെടുന്ന മകൻ സന്തോഷാ

ധികൃത്താൽ അമ്മയുടെ അടുത്തേക്കായിരിക്കും സാധാരണഗതിയിൽ ആദ്യം ഓടിച്ചെല്ലുക. എന്നാൽ പലർക്കും പ്രത്യക്ഷപ്പെട്ട യേശു എന്ന ഈ മനുഷ്യൻ വീടിനടുത്ത് പലനാൾ കഴിച്ചുകൂട്ടിയിട്ടും അമ്മക്കുമാത്രം പ്രത്യക്ഷനായില്ലെന്നതിൽ ദുരൂഹതയില്ലേ? വെളിച്ചക്കുറവുള്ള സമയത്തും സ്ഥലത്തും മാത്രമേ പ്രത്യക്ഷനായുള്ളൂ എന്നതും സംശയം വളർത്തുന്നതാണ്.

സുവിശേഷകനായ മത്തായി ഒരു സംഭവം വിവരിക്കുന്നുണ്ട്. അതനുസരിച്ച്, പതിനൊന്ന് ശിഷ്യൻമാർ കൂടിയിരിക്കുമ്പോൾ യേശു പ്രത്യക്ഷപ്പെട്ടു. പല കാര്യങ്ങളും അവരോടു സംസാരിച്ചു. പല നിർദേശങ്ങളും അവർക്കു കൊടുത്തു. പക്ഷേ, ആ ശിഷ്യന്മാരിൽ ചിലർക്ക് അവരോടു സംസാരിച്ച ആൾ യേശുതന്നെയാണോ എന്ന കാര്യത്തിൽ സംശയം തോന്നി. കൃത്യമായി എത്രപേർക്കാണ് സംശയം തോന്നിയതെന്ന് മത്തായി പറയുന്നില്ല. എങ്കിലും 'ചിലർ' എന്നു പറയുമ്പോൾ അത് ഒന്നിലധികം എന്ന് വ്യക്തം. യേശുവിനെ ഏറ്റവും അടുത്തറിയുന്ന ഏതാനും വ്യക്തികൾക്ക് സംശയം തോന്നി എന്നുള്ള മത്തായിയുടെ പ്രസ്താവന അവഗണിക്കാവതല്ല. അടുത്ത പരിചയമില്ലാത്ത അന്യരാരെങ്കിലും സംശയിക്കുന്നതുപോലെയല്ല അരുമശിഷ്യന്മാർക്കുതോന്നുന്ന സന്ദേഹം. അവർ ആളെ സംശയിച്ചെങ്കിൽ അത് യഥാർഥ യേശുവായിരുന്നില്ലെന്നും അദ്ദേഹത്തോടു രൂപസാദൃശ്യമുള്ള വേറെയാരോ ആയിരുന്നുവെന്നും തന്നെ കരുതേണ്ടിയിരിക്കുന്നു (മത്തായി 28:16-20).

ഇസ്രായേൽക്കാരുടെ പ്രവാചകനായ യേശു ഇസ്രായേൽക്കാർക്കിടയിൽ മാത്രമേ പ്രവർത്തിക്കാവൂ എന്നും അന്യമതസ്ഥരുടെയിടയിൽ പോകരുതെന്നും ശിഷ്യന്മാർക്ക് കർശനമായ നിർദേശം കൊടുത്തിരുന്നു. എന്നാൽ ഉയിർത്തെഴുന്നേറ്റ യേശു അവരോട് ആവശ്യപ്പെട്ടത് നിങ്ങൾ ലോകം മുഴുവൻ പോയി എല്ലാവരെയും സുവിശേഷം അറിയിക്കുക എന്നായിരുന്നു! ജീവിതകാലത്ത് പഠിപ്പിച്ചതിനും പ്രവർത്തിച്ചതിനും എതിരായ മറ്റൊരു കാര്യം പറയാൻവേണ്ടി മാത്രമായി യേശു സ്വർഗത്തിൽനിന്നും ഇറങ്ങിവന്നുവെന്നോ? അല്ലെങ്കിൽ ജീവിതകാലത്ത് അദ്ദേഹം ചെയ്തതും പറഞ്ഞതുമെല്ലാം തെറ്റായിരുന്നു എന്നു സമ്മതിച്ചുവെന്നോ?

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എല്ലാവരെയും പഠിപ്പിക്കാൻ യേശു നിർദേശിച്ചു എന്നാണ് മത്തായി വിവരിക്കുന്നത്. യേശു ഒരിക്കലും ഉപയോഗിച്ചിട്ടില്ലാത്തതും ഉപയോഗിക്കാൻ വഴിയില്ലാത്തതുമാണ് ആ ത്രിത്വത്തിന്റെ പ്രയോഗം. അങ്ങനെ ആകൃതി

യിലും ബോധത്തിലും വ്യത്യസ്തനായ ആ മനുഷ്യൻ യേശുവല്ലെന്ന് ശിഷ്യന്മാരിൽ പലർക്കും തോന്നിയെങ്കിൽ അത് യഥാർഥ യേശു അല്ലാ യിരുന്നതുകൊണ്ടുതന്നെയായിരുന്നുവെന്ന് സ്പഷ്ടം.

## ക്രിസ്തു -ക്രൈസ്തവ ബന്ധം

മതവിശ്വാസത്തിലായാലും ആചാരാനുഷ്ഠാനങ്ങളിലായാലും യഥാർഥത്തിൽ ഇന്നത്തെ ക്രൈസ്തവരേക്കാൾ യേശുവുമായി അടുപ്പ മുള്ളവർ മുസ്‌ലിംകളാണെന്നു പറഞ്ഞാൽ പലർക്കും രസിക്കില്ലെങ്കിലും സത്യം അതാണ്.

ക്രിസ്ത്യാനികളെ ക്രിസ്തുവുമായി ബന്ധപ്പെടുത്തുന്ന ഏറ്റവും അടി സ്ഥാനപരമായ കാര്യം അവർ അദ്ദേഹത്തെ ദൈവമായി കണക്കാക്കുന്നു എന്നതാണ്. ഈ ദൈവസങ്കൽപമാകട്ടെ, ക്രിസ്തുവോ ക്രിസ്തുവിനെ സൃഷ്ടിച്ച ദൈവമോ അംഗീകരിച്ചിട്ടുള്ളതല്ല.

യേശുവിനെ ദൈവമായി കണക്കാക്കുന്നവരോട് ശരിക്കും അദ്ദേഹം ദൈവംതന്നെയോ എന്ന് ആരെങ്കിലും തറപ്പിച്ചുചോദിച്ചാൽ അതെയെന്ന് ഉറപ്പിച്ചുപറയാനാവാതെ പരുങ്ങുന്നതായി കാണാം. ദൈവപുത്രൻ എന്നു പറയുന്നവരോടും അതു ശരിതന്നെയോ എന്നു ചോദിച്ചാൽ അയാളും മറുപടി പറയാൻ ബുദ്ധിമുട്ടും. മനുഷ്യപുത്രൻ, പ്രവാചകൻ എന്നീ അവ സ്ഥകൾ ക്രിസ്ത്യാനികളുടെ സങ്കൽപത്തിലുള്ള യേശുവിന്റെ നിലക്ക് തീരെ പോരാത്തതാണെങ്കിലും യേശു സ്വയം വിശേഷിപ്പിച്ചത് അങ്ങനെ യൊക്കെയാണ്.

ഇങ്ങനെ പല വസ്തുതകളും പഠനവിധേയമാക്കുമ്പോൾ ക്രിസ്തു അറിയാത്ത ക്രിസ്തുമതത്തെയും ക്രിസ്തുവിനെ അറിയാത്ത ക്രിസ്ത്യാ നികളെയുമാണ് കാണാൻ കഴിയുക. എന്നുവെച്ചാൽ ക്രിസ്ത്യാനികൾ ആരാധിക്കുന്നത് സാക്ഷാൽ യേശുവിനെയല്ല. യേശുക്രിസ്തുവിനെ ആരാ ധിക്കുന്ന മതം സാക്ഷാൽ യേശു സ്ഥാപിച്ചതുമല്ല.

ഇങ്ങനെയൊരു മതമുണ്ടായതെങ്ങനെ എന്ന അന്വേഷണം ചെന്നെ ത്തുന്നത് യഹൂദരിലെ ഫരിസേയാ വിഭാഗത്തിൽപെട്ട സാവൂൾ എന്ന തീവ്രവാദിയിലാണ്. യേശുവിനെയും അനുയായികളെയും നശിപ്പിക്കുന്ന തിൽ പ്രതിജ്ഞാബദ്ധനും യേശുവിന്റെ ജീവിതകാലം മുഴുവൻ അദ്ദേഹ ത്തിന്റെ പ്രഖ്യാപിതശത്രുവും ആയിരുന്നു സാവൂൾ. യേശു കെട്ടിപ്പടുത്ത പ്രസ്ഥാനത്തെയും അനുയായികളെയും തേജോവധം ചെയ്യലായിരുന്നു അയാളുടെ ജീവിതലക്ഷ്യം. സാവൂളിന്റെ നേതൃത്വത്തിൽ യഹൂദ തീവ്ര

വാദികൾ കല്ലെറിഞ്ഞു കൊന്ന സ്റ്റീഫനാണ് ക്രൈസ്തവരുടെ പ്രഥമ രക്തസാക്ഷി. ഉത്തമ മതവിശ്വാസിയായ സ്റ്റീഫനെ ക്രൂരമായി കൊലപ്പെടുത്തിയ ശേഷം മറ്റു പ്രമുഖരെയും ഉന്മൂലനം ചെയ്യുക എന്ന കടുത്ത വിദ്വേഷബുദ്ധിയോടെ മഹാപുരോഹിതരുടെ അനുവാദപത്രവും ശിപാർശക്കത്തുമായി ജറൂസലേമിൽ നിന്നും ഡമാസ്കസിലേക്ക് പുറപ്പെട്ട സാവൂളിന്റെ ഭാവനയിൽ മെനഞ്ഞെടുക്കപ്പെട്ടതാണ് തന്റെ മുമ്പിൽ യേശു പ്രത്യക്ഷപ്പെട്ടു എന്ന കഥ. ഈ കഥ ക്രൈസ്തവ ചരിത്രത്തിലെ ഒരു വഴിത്തിരിവായിത്തീർന്നു (അപ്പോസ്തല പ്രവൃത്തികൾ 8:1-3, 9:1-20).

സാവൂളിന്റെ കഥ ബൈബിളിലെ 'അപ്പോസ്തല പ്രവൃത്തികൾ' എന്ന ഗ്രന്ഥത്തിലും തുടർന്നുള്ള സംഭവങ്ങൾ പൗലോസിന്റെ ലേഖനങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. യാത്രാ മധ്യേ കണ്ണഞ്ചിപ്പിക്കുന്ന ഒരു പ്രകാശം സാവൂളിന്റെ മുമ്പിൽ പ്രത്യക്ഷമായി. പെട്ടെന്ന് അന്ധനായിത്തീർന്ന അയാൾ കണ്ണുകാണാതെ നിലത്തുവീണു. ആ ദിവ്യതേജസ്സ് ചോദിച്ചു: 'സാവൂൾ, സാവൂൾ, നീ എന്നെ ഉപദ്രവിക്കുന്നതെന്തിന്?' സാവൂൾ ചോദിച്ചു: 'അങ്ങ്, ആരാണ്?' ആ ശബ്ദം പറഞ്ഞു: 'നീ പീഡിപ്പിക്കുന്ന യേശു.' ശബ്ദം തുടർന്നു: 'എഴുന്നേറ്റ് പട്ടണത്തിലേക്ക് പോവുക. നീ എന്തു ചെയ്യണമെന്ന് അവിടെവച്ച് നിന്നോട് നിർദേശിക്കപ്പെടും.' അതനുസരിച്ച് ഡമസ്കസിൽ ചെന്ന സാവൂളിനെ അന്വേഷിച്ച് എത്തിയ അനനിയാസ് എന്ന ക്രിസ്ത്യാനി, സാവൂളിന്റെ തലയിൽ കൈവെച്ചതോടെ അയാളുടെ കണ്ണിൽനിന്ന് മീൻ ചെതുമ്പൽ പോലെ എന്തോ ഒന്ന് അടർന്നു വീഴുകയും കാഴ്ച കിട്ടി ക്രിസ്ത്യാനിയാവുകയും ചെയ്തു എന്നാണ് കഥ. പിന്നീട് പൗലോസ് എന്ന പേര് സ്വീകരിച്ച് അന്യജാതിക്കാരുടെ ഇടയിൽ പ്രവർത്തിക്കുകയും സ്വയം അപ്പോസ്തലപദവിയിൽ കയറിപ്പറ്റുകയുമാണ് ഉണ്ടായത്.

സാവൂൾ എന്ന പൗലോസ് പിന്നീട് കാര്യങ്ങളെല്ലാം അതിവേഗം കയ്യടക്കി. യേശുവിന്റെ യഥാർഥ ശിഷ്യരെയെല്ലാം പിന്തള്ളി മതസിദ്ധാന്തങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ഇഷ്ടാനുസരണം മാറ്റംവരുത്തിയ പൗലോസാണ് ആധുനിക ക്രിസ്തുമതത്തിന്റെ സ്ഥാപകൻ. യേശു വളർത്തിയെടുക്കാനാഗ്രഹിച്ച വിശ്വാസ സത്യങ്ങൾ തകർത്തെറിഞ്ഞ് ക്രിസ്തു എന്ന പേര് മാത്രം നിലനിർത്തിക്കൊണ്ട് തികച്ചും പുതിയ ഒരു മതമായിരുന്നു പൗലോസ് സ്ഥാപിച്ചത്.

യേശുവിന്റെ പരമശത്രുവായിരുന്ന സാവൂൾ ക്രിസ്തുവിന്റെ പേരിലുള്ള മതത്തിൽ ഇന്നും പ്രമുഖസ്ഥാനം അലങ്കരിക്കുമ്പോൾ ക്രിസ്തുവും

ക്രിസ്ത്യാനികളും തമ്മിലുള്ള ബന്ധം വെള്ളിയും വെള്ളിക്കോലും തമ്മിലുള്ള ബന്ധംപോലെയാവുക സ്വാഭാവികമാണല്ലോ.